പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 713 | 11.03.2015- ൽ മറുപടി നല്കേണ്ടത്. |
|---|---|

## മാനസിക രോഗ ചികിത്സാ സൗകര്യം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. കെ.ബഷീർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സർക്കാർ തലത്തിൽ മാനസിക രോഗ ചികിത്സാ സൗകര്യങ്ങൾ താരതമ്യേന കുറവാണെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | മാനസികരോഗചികിത്സയ്ക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിലപാട് വ്യക്ത മാക്കുമോ; | ബി) | മാനസികാരോഗ്യകേന്ദ്രങ്ങൾ, ജില്ലാ ആശുപത്രികൾ എന്നീ സ്ഥാപനങ്ങളിൽ കൂടി മാനസിക രോഗികൾക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ നടപ്പാക്കുന്നതാണ്. ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റ് ആശുപത്രിജീവനക്കാരുടെയും മാനസികാരോഗ്യ ട്രെയിനിങ് പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുന്നതാണ്. തുടർ ചികിൽസ വേണ്ടി വരുന്നവർക്ക് തുടർച്ചയായി തടസ്സമില്ലാതെ (Uninterrupted) മരുന്ന് കിട്ടുവാനുള്ള പദ്ധതികൾ- ഡി.എം.എച്ച്.പി., സി.എം.എച്ച്.പി. എം എച്ച്.സി., എന്നിവയുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. |
| സി) | മാനസികരോഗികൾക്കായി സാമൂഹികാരോഗ്യ പദ്ധതിയിൽ പ്പെടുത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തുമോ? | സി) | സാമൂഹ്യാരോഗ്യ പദ്ധതിയുമായി ബന്ധപ്പെട്ട ത്തിയാണ് ഡി.എം.എച്ച്.പി, സി.എം.എച്ച്.പി. എന്നീ പദ്ധതികൾ നടത്തിവരുന്നത്. ഇവയുടെ ഭാഗമായി ചികിത്സാ സൗകര്യം പ്രാഥമികാ രോഗ്യകേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങ ളിലും മുൻനിശ്ചയിച്ച ദിവസങ്ങളിൽ (സ്ഥിരമായ ദിവസങ്ങളിൽ) രോഗികളെ പരിശോധിക്കുകയും, മരുന്നുകൾ നൽകുകയും, കൗൺസിലറുടെയും ഡോക്ടർമാരുടെയും സേവനം ലഭ്യമാക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ